


വിശ്വാസിന് വേണ്ടി ജില്ലാ കലക്ടർ ഡി.ബാലമുരളി ഫസ്റ്റ് എയ്ഡ് ബോക്സ് ജീവൻ മെഡിക്കൽസ് ഉടമ ജിമ്മിയിൽ നിന്നും ഏറ്റുവാങ്ങുന്നു

# വിശ്വാസിൽ പ്രഥമശുശ്രൂഷ സൗകര്യമൊരുക്കി

പാലക്കാട്: സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കും വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്കും ഉണ്ടാവുന്ന അപകടങ്ങൾക്ക് പ്രഥമശുശ്രൂഷ നൽകുന്നതിനായി വിശ്വാസ് ഓഫീസിൽ ഫസ്റ്റ് എയ്ഡ് ബ്ലോക്സ് സംവിധാനമൊരുക്കി. വിശ്വാസിന് വേണ്ടി ജില്ലാ കലക്ടർ ഡി.ബാലമുരളി ഫസ്റ്റ് എയ്ഡ് ബോക്സ് ജീവൻ മെഡിക്കൽസ് ഉടമ ജിമ്മിയിൽ നിന്നും ഏറ്റുവാങ്ങി. ഹെഡ് പോസ്റ്റോഫീസിന് സമീപത്തുള്ള ജീവൻ മെഡിക്കൽസിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ സ്ത്രീകൾക്കാവശ്യമായ സാനിട്ടറി നാപ്കിനുകളും അടിയന്തരഘട്ടങ്ങളിൽ സൗജന്യമായി നൽകും. പരിപാടിയിൽ വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, നിർവാഹകസമിതി അംഗം അഡ്വ. ആർ.ദേവീകൃപ പങ്കെടുത്തു.